# അധികാരവും സിവിൽ സർവ്വീസും —'യന്ത്രം' എന്ന നോവലിൽ

കൂട്ടമായി ജീവിക്കാനാരംഭിച്ചകാലംമുതല്ക്കുതന്നെ പ്രാചീനമനുഷ്യർക്ക് തങ്ങളേക്കാൾ കഴിവുള്ളവരോട് വിധേയത്വമുണ്ടായിരുന്നു. എല്ലാത്തരം അധിനിവേശങ്ങൾക്കു പിന്നിലും ഇത്തരമൊരു പ്രവണത കാണാം. മൃഗജാലങ്ങൾക്കിടയിൽപ്പോലും ഈ വിധേയത്വം ദർശിക്കാം. ദുർബ്ബലർ എപ്പോഴും ബലവാന്മാർക്കു കീഴടങ്ങുന്ന അവസ്ഥ എല്ലായിടത്തും ഉണ്ട്. വിവിധ ഘടനകളുൾക്കൊള്ളുന്ന കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയിൽ പ്രത്യക്ഷമായോ പരോക്ഷമായോ അധികാരത്തിന്റെ പ്രയോഗമുണ്ട്. വിവിധ ഘടനകൾക്കുള്ളിൽ നിയന്ത്രണാതീതശക്തിയായി അധികാരം നിലകൊള്ളുന്നു. പ്രതിരോധിക്കാൻ കഴിയാതെ അധികാരഘടനകൾക്കുള്ളിൽ ഞെരിഞ്ഞമരുന്ന നിരവധി വ്യക്തികളെ മലയാളനോവൽസാഹിത്യത്തിൽ കാണാൻ കഴിയും.

മലയാളനോവൽചരിത്രം അപഗ്രഥിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. അധികാരം പ്രത്യക്ഷമായോ പരോക്ഷമായോ കടന്നുവരാത്ത നോവലുകൾ വിരളമാണ്. ഏതെങ്കിലും തരത്തിലുള്ള അധികാരം നോവലുകളിൽ കാണാൻ കഴിയും. സിവിൽ സർവ്വീസ് രംഗത്തെ അധികാരം ചിത്രീകരിച്ചിട്ടുള്ള നിരവധി നോവലുകൾ മലയാളത്തിലുണ്ട്. സിവിൽ സർവ്വീസിന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്നത് അധികാരമാണ്. സിവിൽ സർവ്വീസ് എന്നറിയപ്പെടുന്ന മേഖല കേവലം ഐ.എ.എസ് ഉദ്യോഗസ്ഥർ മാത്രം ഉൾക്കൊള്ളുന്നതല്ല, മറിച്ച് എല്ലാവിധ ഉദ്യോഗസ്ഥരും അടങ്ങുന്നതാണത്.

പൗരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപം കൊണ്ടതാണ് സിവിൽ സർവ്വീസ്. ഭരണകൂടത്തിന്റെ നിലനില്പും സ്ഥാപിത താൽപര്യങ്ങളും സംരക്ഷിച്ചുകൊണ്ടു മാത്രമാണ് ഭരണകൂടങ്ങൾ നിലകൊള്ളുന്നത്. ഭരണയന്ത്രത്തെ ബലിഷ്ഠമായ ഒരു ഘടനയാക്കിനിർത്തുന്നതിൽ അധികാരത്തിന് ഒരു സുപ്രധാന പങ്കുണ്ട്. സംഘർഷമുണ്ടാകുന്ന തരത്തിൽ അധികാരം വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്നു. ഉദ്യോഗസ്ഥരുടെ ശ്രേണീകൃതഘടന ഇതിനൊരു കാരണമാകുന്നുണ്ട്. പണം, പദവി, സ്വാധീനം, സ്വജനപക്ഷപാതം എന്നിവ ഭരണകൂടത്തെ അതിന്റെ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലിപ്പിക്കുന്നു. യഥാർത്ഥനീതി നിഷേധിക്കപ്പെടാൻ കാരണമായിത്തീരുകയും ചെയ്യുന്നു. ഉദ്യോഗസ്ഥവൃന്ദം ഭരണകൂടത്തെ വ്യക്തിക്ക് അപ്രാപ്യമാക്കിത്തീർക്കുന്നുവെന്ന് മാർക്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉന്നതവർഗ്ഗത്തിന്റെ ഉപകരണമാണ് ഭരണയന്ത്രമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

മലയാറ്റൂരിന്റെ 'യന്ത്രം' എന്ന നോവലിനെ സംബന്ധിച്ച് ഇത് വാസ്തവമാണ്. ബാലചന്ദ്രൻ ഐ.എ.എസ് എന്ന കഥാപാത്രം അധികാരത്തിന്റെ തലപ്പത്ത് എത്തുമ്പോൾ അധികാരിവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ നടപ്പിലാക്കാൻ പരിശ്രമിക്കുന്നു. താൻ വന്ന വഴികളെക്കുറിച്ച് അയാൾ ചിന്തിക്കുന്നില്ല. സാധാരണക്കാരന്റെ ആവശ്യത്തേക്കാളുപരി അധികാരിവർഗ്ഗത്തിന്റെ സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കാൻ അയാൾ നിർബന്ധിതനാവുന്നു.

ധനവും സ്വാധീനവുമുള്ളവർക്കു മാത്രമേ നിലനില്പുള്ളൂ എന്ന പരമസത്യം ഈ നോവലിന്റെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. കലാമണ്ഡലം വാർഷികോത്സവത്തിന് ഉദ്ഘാടകനായെത്തിയ ഗവർണ്ണറുടെ സുരക്ഷാസംവിധാനങ്ങൾ താറുമാറാക്കിക്കൊണ്ട് അദ്ദേഹത്തെ ചിലർ ആക്രമിക്കുന്നു. എസ്.പി ജയശങ്കറിനും സബ്ബ് കലക്ടർ ബാലചന്ദ്രനും ഇതിൽ പങ്കുണ്ടായിട്ടും ബാലചന്ദ്രനുമാത്രമാണ് ശിക്ഷ ലഭിക്കുന്നത്. കാരണം എസ്.പി ജയശങ്കർ പണവും പദവിയും സ്വാധീനവും ഉള്ള ഒരു ഉദ്യോഗസ്ഥനാണ്. സ്വാധീനമുള്ളവർ എപ്രകാരമാണ് രക്ഷപ്പെടുന്നതെന്ന് നോവലിസ്റ്റ് വ്യക്തമായി ഇവിടെ വരച്ചുകാട്ടുന്നുണ്ട്.

നീതിക്കും ന്യായത്തിനും വേണ്ടി നിലകൊള്ളേണ്ട മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിൽ പണത്തിന് സുപ്രധാന പങ്കുണ്ട്. 'യന്ത്രം' എന്ന നോവലിൽ രാഷ്ട്രീയപാരമ്പര്യവും സത്യസന്ധതയും ഇല്ലാത്ത ഭാസ്കരൻ നായരെ മന്ത്രിയാക്കുന്നതിൽ വമ്പൻ വ്യവസായിയായ ഹാജിയാരുടെ

പങ്ക് ചെറുതല്ല. ധനികനായ ഫിലിപ്പോസ് മുതലാളിയാണ് പ്രസന്നൻ എന്ന വ്യക്തിയെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിർത്തിയതും ജയിപ്പിച്ചതുമെല്ലാം. അതുകൊണ്ടുതന്നെ പ്രസന്നൻ എന്ന മന്ത്രി എക്കാലവും ഫിലിപ്പോസ് മുതലാളിയുടെ ബിനാമിയായി തുടരുന്നു. ധനവും പദവിയും ഇല്ലാത്ത ഒരാളെ സമൂഹത്തിൽ ആർക്കും ആവശ്യമില്ലെന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം വളരെ സ്വാഭാവികതയോടെ മലയാറ്റൂർ അവതരിപ്പിക്കുകയാണ് 'യന്ത്രം' എന്ന ഈ നോവലിൽ.

അധികാരം കേന്ദ്രീകരിക്കപ്പെടുമ്പോൾ അവിടെ അഴിമതിയും ഉണ്ടാകുന്നുണ്ട്. തങ്ങൾക്കു ലഭിക്കുന്ന പദവിയിൽ പലപ്പോഴും ഊറ്റം കൊള്ളുന്നവരാണ് ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും. ഒരു സാധാരണ ജീപ്പ് ഡ്രൈവറുടെ മകനായ ബാലചന്ദ്രൻ ഐ.എ.എസുകാരനായി മാറിയതിനുശേഷം അയാളുടെ ജീവിതവീക്ഷണത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടാകുന്നു. ആദ്യത്തെ കോൺഫറൻസിൽ പങ്കെടുക്കുന്ന സന്ദർഭത്തിൽ ഐ.എ.എസുകാരെക്കുറിച്ച് നടത്തുന്ന ആത്മഗതം ഇത് തെളിയിക്കുന്നുണ്ട്. "ഈ ഹാളിൽ ശരറാന്തലുകളുടെ വെളിച്ചത്തിനടിയിൽ നിവർത്തിവെച്ച ഫയൽപാഡുകളുമായി ഇരിക്കുന്ന സമ്പന്നന്മാർ ജനലക്ഷങ്ങളുടെ ഭാഗധേയം നിയന്ത്രിക്കുന്നവരാണ്, മന്ത്രിമാർ സ്ഥാനമൊഴിഞ്ഞാലും അധികാരത്തിൽ തുടരുന്ന സ്ഥിരം സർവ്വീസുകാരാണ്. തരുൺബോസ് പറയുന്നത് ശരിയല്ലേ? ഐ.എ.എസുകാർ എലീറ്റാണ്....ദി ചോസൺ"[1]

ഐ.എ.എസ് എന്ന അപ്രാപ്യമായ കൊടുമുടിയിൽ കാലുകുത്തിയ ഭാഗ്യവാൻ എന്നു സ്വയം അഭിനന്ദിക്കുകയാണ് കലക്ടർ ബാലചന്ദ്രൻ. അധികാരത്തിൽ ഇരിക്കുമ്പോൾ മാത്രമാണ് വിലയും നിലയുമുള്ളത് എന്ന് 'യന്ത്രം' എന്ന നോവലിൽ കലക്ടർ ശേഖരപിള്ള പറയുന്നു. "ഞാൻ സർക്കാർ യന്ത്രത്തിലെ തേഞ്ഞ ഒരു ചക്രം"[2]എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത്. പെൻഷൻ പറ്റിക്കഴിഞ്ഞാൽ ആരും തന്നെ വകവയ്ക്കുകയില്ല. സ്വാധീനശക്തിയുടെ തരിപോലും തന്റെ പക്കൽ ഉണ്ടാവില്ല. ഇന്നോളം ഒന്നും സമ്പാദിച്ചിട്ടില്ല. ഉദ്യോഗത്തിലിരിക്കുമ്പോഴാണെങ്കിൽ ആരെങ്കിലും കടമെങ്കിലും തരും. ഉദ്യോഗത്തിന്റെ പത്രാസിൽ മയങ്ങുന്നവരാണ് ആളുകൾ എന്നു മദ്ദേഹം അഭിപ്രായപ്പെടുന്നു.

ഉദ്യോഗസ്ഥരായിരിക്കുമ്പോൾ പലപ്പോഴും സ്വാർത്ഥമതികളാകുന്ന ബ്യൂറോക്രാറ്റുകളുടെ ചിത്രം മലയാളനോവലുകളിൽ കാണാം. ഈ

ഉദ്യോഗസ്ഥാധിപത്യം പലപ്പോഴും കച്ചേരിക്കോയ്മ, ഉദ്യോഗസ്ഥദുഷ് പ്രഭുത്വം, ചുവപ്പുനാട എന്നിങ്ങനെ വിവിധ പേരുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രേണീകൃതഘടനയും ചാക്രികതയും മേധാവിത്വബോധവും സിവിൽ സർവ്വീസിനെ ബലിഷ്ഠമായ ഒരു ഘടനയാക്കി തീർക്കുന്നുണ്ട്. ഇത് പ്രത്യക്ഷമായോ പരോക്ഷമായോ പൗരസമൂഹത്തെ ബാധിക്കുന്നുണ്ട്.

നിലവിലിരിക്കുന്ന രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക വ്യവസ്ഥയെ മുന്നോട്ടുനയിക്കുക എന്ന കർമ്മമാണ് സിവിൽ സർവ്വീസ് അതിന്റെ വ്യവഹാരങ്ങളിലൂടെ നിർവ്വഹിച്ചുപോകുന്നത്. അത് സ്റ്റേറ്റിന്റെ ഒരു പ്രത്യയശാസ്ത്ര ഉപകരണമായിത്തീരുകയും ചെയ്യുന്നുണ്ട്.

'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിൽ ബ്യൂറോക്രാറ്റുകൾ എങ്ങനെയാണ് തങ്ങളുടെ നിഗൂഢലക്ഷ്യത്തിലെത്തിച്ചേരുന്നത് എന്നു ആനന്ദ് വ്യക്തമാക്കുന്നു. മനുഷ്യന്റെ നന്മയ്ക്കുപരി സർക്കാരിന്റെ നിലനിൽപിനു മുൻതൂക്കം കൊടുക്കുന്ന രീതി ഈ നോവലിൽക്കാണാം.

തകഴിയുടെ 'ഏണിപ്പടികൾ', ഈ. വാസുവിന്റെ 'ചുവപ്പുനാട', കോവിലന്റെ 'ഭരതൻ', എൻ.പ്രഭാകരന്റെ 'ജീവന്റെ തെളിവുകൾ', ആനന്ദിന്റെ തന്നെ 'ഗോവർദ്ധന്റെ യാത്രകൾ', 'മരണസർട്ടിഫിക്കറ്റ്' തുടങ്ങിയ നോവലുകളിലും സമാനപ്രമേയം തന്നെയാണുള്ളത്.

അധികാരിവർഗ്ഗം എക്കാലവും സുസംഘടിതമായിരിക്കും. അവർ പ്രതിനിധാനം ചെയ്യുന്ന വർഗ്ഗമേതായാലും പൗരനെതിരെ ഒന്നിച്ചു നിൽക്കാൻ അവർ എപ്പോഴും തയ്യാറായിരിക്കും. 'യന്ത്രം'എന്ന നോവലിലെ മന്ത്രി പ്രസന്നനും പരമേശ്വരനുമായുള്ള സംഭാഷണത്തിൽ അസംഘടിതമായ ജനതയെ പരാമർശിക്കുന്നുണ്ട്. വൈദ്യുതി ദീപത്തിനു ചുറ്റും പാറിപ്പറക്കുന്ന പ്രാണികളെ ചൂണ്ടിക്കാട്ടി പരമേശ്വരൻ പറയുന്നത് ശ്രദ്ധേയമാണ് : "അതാണ് അസംഘടിത ജനം. അതതു കാലത്തെ കപടദൈവങ്ങളെ, സോറി, കപടദീപങ്ങളെ ആരാധിച്ചു ചുറ്റിപ്പറന്ന്, വിശ്വാസരാഹിത്യം എന്ന നൊമ്പരമേറിയ ആത്മഹത്യയിലേക്കു നീങ്ങുന്ന ജനം."

മനുഷ്യജീവിതത്തിലുടനീളം അധികാരം വ്യത്യസ്തതരത്തിൽ വ്യാപിച്ചു നിൽക്കുന്നു. ഭരണകൂടം എക്കാലവും ഒരു മർദ്ദനോപകരണമാണ്. "ഒന്നും അധികാരത്തിൽ നിന്നും രക്ഷപ്പെടുന്നില്ല. അധികാരത്തിന്റെ വേതാളനിഷ്ഠൂരത മനുഷ്യന്റെ ജീവിതത്തെ ദുരിതത്തിലും

ഭീതിയിലും മുറുക്കിയിടുക മാത്രമല്ല ചെയ്യുന്നത്. അതിനെക്കുറിച്ചുള്ള ആധി മനുഷ്യനെ ചിത്തഭ്രമത്തിൽ കൊണ്ടെത്തിക്കുക കൂടി ചെയ്യുന്നു." എന്നു ഫുക്കോ വ്യക്തമാക്കുന്നു.

ഏതൊരു അധികാരിയും ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി നിഷ്ക്കരുണം മൂല്യങ്ങളെ ചവിട്ടിമെതിക്കുന്നു. ഇത് നോവലുകളിൽ പ്രകടമായി കാണാം. ഭരണകൂടം ധർമ്മബോധത്തിന്റെ മൂർത്തിമദ്ഭാവമാണെന്ന് ഹെഗൽ കണ്ടെത്തുന്നുണ്ട്.

ജനാധിപത്യമെന്ന ആശയസങ്കൽപം യഥാർത്ഥലക്ഷ്യത്തിലെത്താതെ സ്വാർത്ഥതാൽപര്യങ്ങൾക്കു വിധേയമായി നിലകൊള്ളുന്നത് യന്ത്രം എന്ന നോവലിൽ കാണാം. റവന്യൂ മന്ത്രി ഭാസ്കരൻനായർ പ്രമുഖനായ ഒരു വക്കീലായിരുന്നു. രാഷ്ട്രസേവനത്തിൽ തന്ത്രപൂർവ്വം ഒരു വക്കീലിന് എങ്ങനെ ഇടപെടാമെന്ന് അതിസമർത്ഥമായി നോവലിസ്റ്റ് വരച്ചുകാട്ടുന്നു. അദ്ദേഹം രാഷ്ട്രസേവനം തെരഞ്ഞെടുത്തതിനു പിന്നിൽ ചില ഗൂഢലക്ഷ്യങ്ങൾ ഒളിഞ്ഞിരിക്കുന്നത് നോവലിസ്റ്റ് വ്യക്തമാക്കുകയാണ്. മന്ത്രിപദം കൊണ്ട് ജനത്തെ എങ്ങനെ സേവിക്കാം എന്നതല്ല, തനിക്ക് എന്തു നേട്ടമെന്നാണ് അയാൾ ചിന്തിക്കുന്നത്. സിവിൽ സർവ്വീസിൽ കയറിപ്പറ്റുന്ന ഭൂരിഭാഗം അധികാരികളും ഇത്തരത്തിൽ ചിന്തിക്കുന്നവരാണ്. കുടിയിറക്കലിനെതിരെ ജനങ്ങൾ പോരാടുമ്പോൾ ഭാസ്കരൻ നായർ സ്വീകരിക്കുന്ന സമീപനം ഈ വസ്തുതയെ സാധൂകരിക്കുന്നു. "ഇതൊരു ഡെമോക്രസിയാണ്. ഞാൻ അതിന്റെ സിംബലും! അധികാരത്തിന്റെ സിംബൽ! ലെറ്റ് ദെം ഡെമോൺസ്ട്രേറ്റ്".

ജനാധിപത്യയുഗത്തിൽ മാനുഷികമൂല്യങ്ങൾ തികച്ചും സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ് ഒരു ഗവൺമെന്റ് നിലനിൽക്കേണ്ടത്. സിവിൽസർവ്വീസ് നോവലുകളിൽ പരാമർശവിധേയമായപ്പോഴെല്ലാം തന്നെ അതിന്റെ നന്മകളേക്കാൾ തിന്മകളെ ചിത്രീകരിക്കുവാനാണ് നോവലിസ്റ്റുകൾ പരിശ്രമിച്ചത്. എല്ലാ നോവലിസ്റ്റുകളും സിവിൽ സർവ്വീസിനെ നിശിതമായും പരിഹാസ്യമായും മലയാള നോവൽ സാഹിത്യത്തിൽ അടയാളപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു.

വ്യത്യസ്ത നോവലുകൾ അപഗ്രഥിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുത, സിവിൽ സർവ്വീസ് എല്ലാ കാലത്തും പൗരസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ മർദ്ദിക്കുന്ന ഒരു ഉപകരണമായിരുന്നു എന്നതാണ്.

ചുരുക്കത്തിൽ, അധികാരം ഭരണത്തിൽ നിന്നും വ്യവച്ഛേദിക്കാൻ കഴിയാത്ത ഒന്നാണെന്നും ഇവ പരസ്പരപൂരകങ്ങളാണെന്നും കാണാം. അധികാരം ഒരിക്കലും കുറയുന്നില്ല. മറിച്ച് അതിന്റെ മേഖലകൾ വിപുലപ്പെട്ടു കൊണ്ടേയിരിക്കുന്നു. പൗരസമൂഹത്തിനുമേൽ സിവിൽ സർവ്വീസ് സ്ഥാപിക്കുന്ന അധികാരത്തിന്റെ തീവ്രത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും ആവിഷ്കാരം ഇന്നും നോവലുകളിൽ മുഖ്യധാരയായി വർത്തിക്കുകയും ചെയ്യുന്നു.

കുറിപ്പുകൾ

1. മലയാറ്റൂർ രാമകൃഷ്ണൻ, യന്ത്രം, ഡി.സി. ബുക്സ്, 2006, പുറം. 29.
2. അതിൽത്തന്നെ, പുറം.167.
3. അതിൽത്തന്നെ, പുറം 390.
4. അപ്പൻ.കെ.പി, പേനയുടെ സമരമുഖങ്ങൾ, ചരിത്രം വന്നു വിളിച്ചപ്പോൾ (ലേഖനം), ലിപി പബ്ലിക്കേഷൻസ്, 2006, പുറം 25.
5. മലയാറ്റൂർ രാമകൃഷ്ണൻ, യന്ത്രം, ഡി.സി. ബുക്സ്, 2006, പുറം. 117.

ഷെറീനാ റാണി ഇ.ബി.
അസി. പ്രൊഫ., മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ: കോളേജ്, പുല്ലൂറ്റ്.
speaktosherein@gmail.com